# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5601** **02.07.2019-ൽ മറുപടിയ്ക്ക്**

## പട്ടികജാതി വിഭാഗങ്ങളുടെ വികസനഫണ്ട്

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങളുടെ വികസന ഫണ്ടിൽ നിന്ന് ഏതെല്ലാം പദ്ധതികളാണ് വെട്ടിക്കുറച്ചത്; വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങളുടെ വികസന ഫണ്ടിൽ നിന്ന് ഒരു പദ്ധതിയും വെട്ടികുറച്ചിട്ടില്ല. |
| (ബി) | ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീടുവെയ്ക്കുന്നതിന് വേണ്ടി നീക്കിവച്ചതിൽനിന്നും **100** കോടി രൂപ വെട്ടിക്കുറച്ചതുവഴി പട്ടികജാതിക്കാരുടെ വീട് എന്ന സ്വപ്നം സാക്ഷാത് ക്കരിക്കില്ലെന്ന കാര്യം പരിശോധിക്കുമോ; | (ബി) | 100 കോടി രൂപ വെട്ടികുറച്ചു എന്നത് സാങ്കേതികമായ ഒരു നടപടിക്രമം മാത്രമായിരുന്നു. സംസ്ഥാന പദ്ധതിയിൽ പൊതുവെ 20% കുറവു വരുത്തിയതിന്റെ ഭാഗമായാണ് ചില പദ്ധതികളിൽ ക്രമീകരണങ്ങൾ വരുത്തിയത്. 2018-19 സാമ്പത്തിക വർഷം ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 3887 പേർക്കായി 15471.80 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. |
| (സി) | പട്ടികജാതി വിഭാഗങ്ങൾക്കായി നീക്കിവെച്ച **1491** കോടിയിൽ നിന്നും എത്ര തുക സർക്കാർ തിരിച്ചുപിടിച്ചു; വ്യക്തമാക്കുമോ; | (സി) | സംസ്ഥാനപദ്ധതിയിൽനിന്ന് പട്ടികജാതി വികസന വകുപ്പിന് നീക്കിവെച്ച 1491 കോടിയിൽ നിന്നും 296.53 കോടി രൂപയുടെ പ്ലാൻ കട്ട് വരുത്തുകയുണ്ടായി. |
| (ഡി) | പ്രസ്തുത വിഭാഗങ്ങളുടെ ഉന്നമനത്തിന് വിഘാതം സൃഷ്ടിക്കുന്ന തരത്തിൽ തുക വെട്ടിക്കുറച്ച കാര്യം സർക്കാർ പരിശോധിക്കുമോ; അറിയിക്കുമോ? | (ഡി) | സംസ്ഥാനം നേരിടുന്ന സാമ്പത്തികമാന്ദ്യം കാരണമാണ് എല്ലാ വകുപ്പുകളുടെയും പദ്ധതിവിഹിതത്തിൽനിന്നും ഒരു നിശ്ചിതവിഹിതം വെട്ടികുറയ്ക്കേണ്ടി വന്നത്. |

**സെക്ഷൻ ഓഫീസർ**